"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - RGSA മലപ്പുറം ജില്ലാ പഞ്ചായത്ത് റിസോർസ് സെന്റർ - കെട്ടിടനിർമ്മാണം പൂർത്തീകരിക്കുന്നതിന് ഗ്രാമപഞ്ചായത്തുകളിലെ വാർഷിക പദ്ധതി ഫണ്ടിൽ നിന്നും അധിക തുക കണ്ടെത്തുന്നതിന് - അനുമതി നൽകി ഉത്തരവാകുന്നു

**തദ്ദേശ സ്വയംഭരണ(ഇ.എം)വകുപ്പ്**

സ.ഉ.(സാധാ) നം.98/2022/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 13/01/2022

പരാമർശം:-

1. സ.ഉ (ആർ.റ്റി)നമ്പർ 419/2017-ത.സ്വ.ഭ.വ 14/02/2017
2. 26/11/2021 ലെ പഞ്ചായത്ത് ഡയറക്ടറുടെ PAV/7301/2021- RGSA1 നമ്പർ കത്ത്

**ഉത്തരവ്**

രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാൻ പദ്ധതിയിൽ (RGSA) ഉൾപ്പെടുത്തി മലപ്പുറം ജില്ലയിൽ ജില്ലാ പഞ്ചായത്ത് റിസോർസ് സെന്റർ സ്ഥാപിക്കുന്നതിന് പരാമർശം (1) പ്രകാരം 2 കോടി രൂപ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ കെട്ടിടം പൂർണ്ണതോതിൽ സജ്ജീകരിക്കുന്നതിന് അധികമായി 2.49 കോടി രൂപ കൂടി ആവശ്യമായി വരുന്നുണ്ടെന്നും അത് മലപ്പുറം ജില്ലയിൽ ഉൾപ്പെടുന്ന 94 ഗ്രാമപഞ്ചായത്തുകളിൽ നിന്നും 2.65 ലക്ഷം രൂപ വീതം തനത് /വാർഷിക പദ്ധതി ഫണ്ടിൽ നിന്നും വാർഷിക പദ്ധതിയിൽ വകയിരുത്തി പിരിച്ചെടുക്കുന്നതിന് അനുമതി നല്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം അപേക്ഷിച്ചിരുന്നു.

സർക്കാർ ഈ വിഷയം പരിശോധിച്ചു. മലപ്പുറം ജില്ലയിൽ ജില്ലാ പഞ്ചായത്ത് റിസോർസ് സെന്റർ സ്ഥാപിക്കുന്നതിന്, അധികമായി ആവശ്യമുള്ളതായ **2.49** കോടി രൂപ മലപ്പുറം ജില്ലയിൽ ഉൾപ്പെടുന്ന 94 ഗ്രാമപഞ്ചായത്തുകളിൽ നിന്നും **2.65** ലക്ഷം രൂപ വീതം തനത്/വാർഷിക പദ്ധതി ഫണ്ടിൽ നിന്നും വാർഷിക പദ്ധതിയിൽ നിർബന്ധിത വകയിരുത്തലായി ഉൾപ്പെടുത്തി സമാഹരിക്കുന്നതിന് സർക്കാർ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുനിത ഐ
ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ , തിരുവനന്തപുരം
മലപ്പുറം ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by M.k.pradeesh Kumar
Date: 13-01-2022 14:20:45
Reason: Approved

സെക്ഷൻ ഓഫീസർ